17

# അതിനുണ്ടായിരുന്നതു കൊണ്ടുണ്ടാക്കിയ സഭ, 1

## (3:14-17)

ഫിലദെൽഫിയയുടെ നാൽപത്തി-മൂന്ന് മൈൽ തെക്കു കിഴക്കായി ലവൊദിക്യയുടെ നാശാവശിഷ്ടങ്ങൾ കിടക്കുന്നു.[1] പട്ടണം കഴിച്ചെടുക്കപ്പെട്ടില്ല, മുകളിൽ വലിയ കമാനങ്ങളും മറ്റു ഘടനകളും പാറയുള്ള മണ്ണിൽ ബ്രഹത്തായ ശവക്കല്ലറ പോലെ "അതിനാൽ ഉണ്ടാക്കിയത്" എന്ന് കാണിക്കുന്ന വിധത്തിൽ തള്ളി നിൽക്കുന്നു. ആസ്യയിൽ ഞങ്ങൾ കണ്ടതായ മറ്റെല്ലാ കാഴ്ച്ചകളിലും സർപശിച്ച കാഴ്ച്ചയായിരുന്നു ഏകാന്തവും തരിശുമായ ലവൊദിക്യ.

"ആസ്യയിലെ ... ഏഴ് സഭകൾക്കുള്ള" (1:4) തിലെ അവസാനത്തേതിനെ കുറിച്ചാണ് ഈ പാഠം. നാം എഫെസൊസിൽനിന്നു തുടങ്ങി, തീരത്തുകൂടെ പെർഗമൊസിലേക്ക് പോയി. പിന്നെ കരയിൽകൂടെ തുയഥൈരയിലേക്കാണ് നീങ്ങിയത്, പിന്നെ തെക്കോട്ട് സഞ്ചരിച്ചാണ് ലവൊദിക്യയിലെത്തിയത്. ആ പട്ടണത്തിൽനിന്ന് എൺപത്തി-ഒന്നു മൈൽ തിരിച്ചു നടന്നാൽ എഫെസൊസിലെത്താം - അങ്ങനെ നമ്മുടെ വൃത്താകാര യാത്ര പൂർത്തിയാകുകയും ചെയ്യും.[2]

### സ്വഭാവങ്ങൾ

അവിടെ സ്ഥിതി ചെയ്തിരുന്ന സഭയ്ക്കുള്ള എഴുത്തിൽ പറഞ്ഞിട്ടുള്ളതുമായി നേരിട്ട് ബന്ധമുള്ളതാണ് ലവൊദിക്യയുടെ മൂന്നു സ്വഭാവങ്ങൾ:

(1) *പൗരന്മാരിൽ പലരും ധനികന്മാരായിരുന്നു.* ആ കാലത്ത് ലോകത്തെ ഏറ്റവും വലിയ ധനികമായ വ്യാപാരകേന്ദ്രങ്ങളിലൊന്നായിരുന്നു ലവൊദിക്യ. അതിന്റെ തന്ത്രപ്രധാനമായ സ്ഥാനം - ഇരുവശത്തുമായി കിഴക്കോട്ട് സഞ്ചരിക്കാവുന്ന - ഹൈവേ സാമ്പത്തിക കേന്ദ്രത്തിനും വലിയ ബാങ്കുകൾക്കും സഹായകരമായിരുന്നു. അതിനെ "ഏഷ്യയുടെ വാൾ സ്ട്രീറ്റ്"[3] എന്നും "ലക്ഷപ്രഭുക്കന്മാരുടെ പട്ടണം" എന്നും വിളിച്ചിരുന്നു.

സാമ്പത്തികമായി, തങ്ങളാണ് "അതുണ്ടാക്കിയത്" എന്നാണ് പൗരന്മാർ വിചാരിച്ചിരുന്നത്. "എനിക്ക് നിങ്ങളെ എങ്ങനെയാണ് സഹായിക്കുവാൻ കഴിയുക?" എന്ന് ആരെങ്കിലും അവരോട് ചോദിച്ചാൽ അവരുടെ മറുപടി ഇങ്ങനെയായിരിക്കും: "ഞങ്ങൾക്ക് ഒന്നും ആവശ്യമില്ല." (3:17 നോക്കുക). ഏ. ഡി. 60 ലെ ഒരു ഭൂമികുലുക്കത്തിൽ ലവൊദിക്യ നശിച്ചുപോയപ്പോൾ, റോമിന്റെ സഹായം നിരസിച്ചുകൊണ്ട്, തങ്ങളുടെ ചെലവിൽ തന്നെ പട്ടണം പുതുക്കി പണിതു.[4]

(2) *പൊതുവിൽ, അവർ ആരോഗ്യമുള്ളവരായിരുന്നു.* പട്ടണത്തിൽനിന്നു

പതിമൂന്നു മൈൽ അകലെ ഒരു പ്രസിദ്ധമായ മെഡിക്കൽ സെന്റർ സ്ഥിതി ചെയ്തിരുന്നു. കണ്ണിലുപയോഗിക്കേണ്ട ഒരു ലേപനത്തിനുള്ള ഫ്രുഗ്യൻ പൊടി അവിടെയാണ് നിർമ്മിച്ചിരുന്നത്. ആ പൊടി ലോകം മുഴുവൻ കയറ്റി അയച്ചിരുന്നു.

ഹിരേപൊലിയിലെ (കൊലൊസ്യർ 4:13) ഔഷധഗുണമുള്ള ഉഷ്ണജല അരുവി അവിടെനിന്ന് കഷ്ടിച്ച് നാലുമൈൽ മാത്രം അകലെയായിരുന്നു. ഞാൻ അംഗമായിരുന്ന സന്ദർശനസംഘം ലവൊദിക്യ സന്ദർശിച്ചപ്പോൾ, കൂടെയുണ്ടായിരുന്ന ഗൈഡ് ഞങ്ങളെ അകലെയായി സ്ഥിതി ചെയ്തിരുന്ന ഒരു പർവ്വതശിഖരം കാണിക്കയുണ്ടായി, അത് അടുത്ത സമയത്ത് വെള്ള പൂശിയിട്ടുണ്ടായിരുന്നു. “ആ പർവ്വതത്തിന്റെ ശിഖരത്തിലായിരുന്നു ഹിരേ പൊലി,” അയാൾ പറഞ്ഞു. ഞങ്ങൾ അവിടെ എത്തിയപ്പോൾ, വെള്ളം കുന്നിൻചെരുവിലൂടെ ഒഴുകിയപ്പോൾ പറ്റിപ്പിടിച്ച ധാതുക്കൾ നിമിത്തം നിറം മങ്ങിയ പാടുകൾ ഞങ്ങൾ കണ്ടു. ബൈബിൾ കാലത്ത് പോലും ഉണ്ടായി രുന്ന നൂറുകണക്കിന് കുളങ്ങൾ ആ കുന്നിന്റെ മുകളിലുള്ളത്, സന്ദർശകരെ ആകർഷിക്കുന്നവയാണ്. ആ പ്രദേശം വളരെ കാലത്തേക്ക് ആരോഗ്യകേന്ദ്ര മായിരുന്നു.[5]

(3) *അവരിൽ മിക്കപേരും നന്നായി വസ്ത്രം ധരിച്ചിരുന്നു.* മിനുസമുള്ള കമ്പിളിരോമങ്ങളുള്ള കറുത്ത ചെമ്മരിയാടുകൾ[6] അടുത്തുള്ള കുന്നുകളിൽ മേഞ്ഞുകൊണ്ടിരുന്നു. വലിയ വിലയുള്ള വ്യത്യസ്തമായ വസ്ത്രങ്ങൾ ഈ കറുത്ത-മനോഹരമായ കമ്പിളികൊണ്ടുണ്ടാക്കിയിരുന്നു. ലോക മാർക്കറ്റുക ളിൽ അത്തരം വസ്ത്രത്തിന് വലിയ വിലയാണെങ്കിലും, ലവൊദിക്യയിൽ ന്യ ായമായ വിലക്ക് ലഭ്യമായിരുന്നു. അതുകൊണ്ട് നാം ഈ സ്വഭാവവിശേഷത കൾ ലവൊദിക്യയിൽ കാണുന്നു:

| പട്ടണം |
|---|
| ധനികമായ<br>(ബാങ്കുകൾ) |
| മെഡിക്കൽ സെന്റർ<br>(കണ്ണുരോഗവിദഗ്ധർ) |
| വസ്ത്രവ്യവസായം<br>(കറുത്ത കമ്പിളി) |

### ഇടവക (3:14)

“ലവൊദിക്യയിലെ സഭയുടെ ദൂതന്ന് എഴുതുക” (വാ. 14). പൗലൊസ് എഫെസൊസിലായിരുന്നപ്പോഴായിരിക്കാം അവിടെ സഭ ആരംഭിച്ചത് (പ്രവൃ ത്തികൾ 19:1, 8–10).[7] എങ്ങനെയായാലും, അതിനെയും അതിലെ അംഗങ്ങ ളെയും അപ്പൊസ്തലനു പരിചയമുണ്ടായിരുന്നു. അവൻ കൊലൊസ്യർക്ക് ലേഖനം എഴുതിയപ്പോൾ (അവിടെ നിന്നു പത്തുമൈലുണ്ടായിരുന്നു ലവൊ ദിക്യക്ക്), അവൻ പറഞ്ഞു, “നിങ്ങൾക്കും, ലവൊദിക്യയിലുള്ളവർക്കും, ജഡത്തിൽ എന്റെ മുഖം കണ്ടിട്ടില്ലാത്ത ഏവർക്കും എഴുതുന്നത്, ഞാൻ നി

ങ്ങൾക്ക് വേണ്ടി എത്ര പോരാട്ടം കഴിക്കുന്നു എന്ന് നിങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു" (കൊലൊസ്യർ 2:1). ആ ലേഖനത്തിന്റെ അവസാന ത്തോടടുപ്പിച്ച്, അവൻ ലവൊദിക്യക്കാർക്കും ഒരു ലേഖനം എഴുതിയതായി പറയുന്നുണ്ട്:

> ലവൊദിക്യയിലെ സഹോദരന്മാർക്കും നുംഫെക്കും അവളുടെ വീട്ടിലെ സഭയ്ക്കും വന്ദനം ചെയ്വിൻ, നിങ്ങളുടെയിടയിൽ ഈ ലേഖനം വായിച്ചുതീർന്നശേഷം, ലവൊദിക്യസഭയിൽകൂടെ[8] വായിപ്പിക്കയും ലവൊദിക്യയിൽനിന്നുള്ളത് നിങ്ങളും വായിക്കയും ചെയ്വിൻ[9] (കൊലൊസ്യർ 4:15, 16).

വെളിപ്പാടു പുസ്തകം എഴുതിയപ്പോഴേക്കും ലവൊദിക്യ സഭ ആരംഭിച്ചിട്ട് മുപ്പതു വർഷത്തിലധികമായിരുന്നു.

## ക്രിസ്തു (3:14)

യേശു തന്നെ പരിചയപ്പെടുത്തുവാൻ വെളിപ്പാട് ഒന്നാം അദ്ധ്യായത്തിൽ ഉപയോഗിച്ച വാക്കുകളല്ല ആദ്യമായി (മാത്രം) ഇവിടെ പ്രതിഫലിച്ചിരിക്കുന്നത്.[10] ഒരു ഡോക്ടർ രോഗിയുടെ ആവശ്യാനുസരണം ചികിൽസ നിർദ്ദേശിക്കുന്നതുപോലെ, യേശുവും ഓരോ ഇടവകയുടേയും പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്താണ് എഴുത്തുകൾ എഴുതുന്നത്. യേശു എഴുത്തിൽ വിവരിച്ച സ്വഭാവ വിശേഷതയിൽനിന്നു വ്യത്യസ്തമായ സ്വഭാവവിശേഷതകളായിരുന്നു ലവൊദിക്യസഭയുടേത്.

ആദ്യം, അനിശ്ചിതമായ ധനത്തിൽ ആശ്രയിച്ചിരുന്ന ഒരു ഇടവകയോട്, യേശു തന്നെ പരിചയപ്പെടുത്തുന്നത്, എപ്പോഴും വിശ്വസ്തൻ ആയിട്ടാണ്: "വിശ്വസ്തനും, സത്യവാനും, ആമേൻ എന്നുള്ളവനും" (വാ. 14).

ബൈബിളിൽ ഇതാദ്യമായിട്ടാണ് "ആമേൻ" എന്നത് ഒരു സർവ്വനാമമായി ഉപയോഗിച്ചിരിക്കുന്നത്.[11] പ്രാർത്ഥന അവസാനിപ്പിക്കുന്ന വെറുമൊരു ക്രിയയായിട്ടാണ് ചിലർ "ആമേൻ" എന്നതിനെ കാണുന്നത്, എന്നാൽ വാക്കിന് പ്രത്യേക അർത്ഥമുണ്ട്. ആദ്യം അത് ഒരു എബ്രായ വാക്കായിരുന്നു, പിന്നെ ഗ്രീക്ക് വാക്കായി, അതിനുശേഷം ഇംഗ്ലീഷ് വാക്കായി; എന്നാൽ ഏതു ഭാഷയിലും *സത്യത്തെ ഉറപ്പിക്കുന്ന* വാക്കാണ് അത്.[12] നാം പരസ്യമായ പ്രാർത്ഥനയുടെ അവസാനം "ആമേൻ" പറഞ്ഞുകൊണ്ട് (1 കൊരിന്ത്യർ 14:16), പ്രാർത്ഥനയുടെ അംഗീകാരത്തെ ഉറപ്പിക്കുകയാണ്. ഒരു ബൈബിൾ സന്ദേശം കേട്ട് നാം "ആമേൻ" എന്ന് പറയുമ്പോൾ (നെഹെമ്യാവ് 5:13), "അതു ശരിയാണ്!" എന്നു സമ്മതിക്കയാണ്. പ്രാർത്ഥനയുടെ ആരംഭത്തിലോ അവസാനത്തിലോ "ആമേൻ" എന്ന വാക്ക് ഉപയോഗിക്കാം (വെളിപ്പാട് 7:12; 22:20, 21), അല്ലെങ്കിൽ *ഏതൊരു* സമയത്തും ഒരു കാര്യം സത്യമാണെന്ന് ഉറപ്പിക്കുവാൻ ഉപയോഗിക്കാം. വളരെ ഘനമുള്ള പ്രസ്താവനകൾക്ക് മുൻപ് യേശു പലപ്പോഴും "സത്യമായും"[13] എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (മത്തായി 5:18; യോഹന്നാൻ 1:51); *ആമേൻ* എന്ന വാക്കിന്റെ തർജിമയാണ് "സത്യമായും" എന്നത്.

"വിശ്വസ്തനും സത്യവാനുമായ സാക്ഷി"[14] എന്ന വാക്കിനോട് ചേർത്ത് "ആമേൻ" എന്ന വാക്ക് ഉപയോഗിക്കുമ്പോൾ, യേശുവിന്റെ മുഴുവൻ വിശ്വാസ യോഗ്യതയെയും എടുത്തുകാണിക്കുന്ന ശക്തമായ പ്രസ്താവനയാണ്

അത്.

രണ്ടാമത്, ഒരു ഇടവകക്ക് അത് സ്വയം പര്യാപ്തത തോന്നുന്നതാണ്, അവരുടെ ഭൗതികമായ അനുഗ്രഹത്തിന്റേയും ഉറവിടമായിട്ടായിരുന്നു യേശു തന്നെ തിരിച്ചറിയിച്ചത്: "ദൈവസൃഷ്ടിയുടെ ആരംഭം" (വാ. 14). "ദൈവസൃഷ്ടിയുടെ ആരംഭം" എന്നതിന് "സൃഷ്ടിച്ചവരിൽ ആദ്യൻ"[15] എന്നർത്ഥമില്ല. മറിച്ച്, "എല്ലാം തുടങ്ങിയവൻ" എന്നാണ് അർത്ഥം.[16] എൻഏഎസ്ബിയിൽ, "ആരംഭം" എന്ന വാക്കിന് അരുകിൽ ഒരു കുറിപ്പുണ്ട്: "അതായത്., ആരംഭം അല്ലെങ്കിൽ ഉറവിടം"[17] യേശു ഉപയോഗിച്ച അതേ വാക്ക് തന്നെയാണ് പൗലൊസ് കൊലൊസ്യർക്ക് ലേഖനം എഴുതുമ്പോൾ ഉപയോഗിച്ചത്:

> അവൻ [അതായത്, യേശു] അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും, സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളാകട്ടെ വാഴ്ച്ചകളാകട്ടെ, അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ, അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു (കൊലൊസ്യർ 1:15–17).[18]

"എല്ലാം അവനാലാണ് സൃഷ്ടിക്കപ്പെട്ടതെങ്കിൽ," ലവൊദിക്യക്കാർ തങ്ങളുടെ സമ്പൽസമൃദ്ധിയുടെ ബഹുമതി തങ്ങൾക്ക് തന്നെ നൽകാതെ കർത്താവിന് നൽകേണ്ടതായിരുന്നു.

### അവരുടെ അവസ്ഥ (3:15)

ലവൊദിക്യക്കാർക്ക് തങ്ങളുടെ അവസ്ഥ ബോധ്യമാകാതിരുന്നതുകൊണ്ടായിരിക്കാം യേശു തന്റെ വിശ്വാസയോഗ്യതയും ദൈവികത്വവും അവൻ ഊന്നിപ്പറയുവാൻ കാരണം. ഒരു പ്രശംസയും ലഭിക്കാതിരുന്ന ഏക ഇടവക ലവൊദിക്യയായിരുന്നു. സർദ്ദിസ് സഭയ്ക്ക് മൊത്തത്തിൽ പ്രശംസ ലഭിച്ചില്ലായിരുന്നുവെങ്കിലും, അവിടെ "ഉടുപ്പ് മലിനമാകാത്ത ... കുറേ പേർ" [ഉണ്ടായിരുന്നു] (3:4). എന്നാൽ ലവൊദിക്യയിൽ വിശ്വസ്തരായ "കുറെ പേർ" ഇല്ലായിരുന്നു. അതുകൊണ്ട്, യേശു പറയുവാൻ പോകുന്നതെല്ലാം അസുഖകരമായി തോന്നുമെങ്കിലും, സത്യമായിരുന്നു!

ഇടവകയെ കുറിച്ച് താൻ നടത്തിയ വിലയിരുത്തൽ, തുറന്ന് യേശു പറയുന്നു, "ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു" (വാ. 15). ലവൊദിക്യസഭയ്ക്കുണ്ടായിരുന്ന "പ്രവൃത്തിയെ" യേശു നിഷേധിക്കുന്നില്ല; അവർ *ചിലതു* ചെയ്തിരുന്നു. എങ്ങനെയായാലും, അവർ ചെയ്തിരിക്കുവാനിടയുള്ള പണസംബന്ധമായ പ്രവൃത്തിയായിരിക്കാം, അതിൽ അവർക്ക് അഭിമാനവുമുണ്ടായിരിക്കാം: "അന്ത്യോക്യയിലെ ജലപ്രളയ കെടുതിയിൽ സഹായിക്കുവാൻ ഞങ്ങൾ ആയിരം ശേക്കേൽ അയച്ചുകൊടുത്തു! ഞങ്ങൾ പന്ത്രണ്ട് രഥം നിറയെ ആഹാരവസ്തുക്കൾ ഐത്യോപ്യയിലേക്ക് അയച്ചുകൊടുത്തു!" ദൈവം ഒരാളെ ഭൗതികമായി അനുഗ്രഹിക്കുമ്പോൾ, അയാൾക്ക് വ്യക്തിപരമായ പങ്കില്ലാതെ പണം കൊടുക്കുവാൻ കഴിയും. അയാൾക്ക് വലിയ ത്യാഗം ഒന്നും കഴിക്കാതെ തന്നെ തന്റെ മനസാക്ഷിയെ തൃപ്തിപ്പെടുത്തുവാൻ കഴിയും![19]

പിന്നെയാണ് യേശു അവരുടെ പ്രശ്നത്തെ എടുത്തുകാണിക്കുന്നത്: "നീ

ശീതവാനുമല്ല ഉഷ്ണവാനുമല്ല എന്ന് ഞാൻ അറിയുന്നു" (വാ. 15). ഗ്രീക്ക് വാക്ക് *സെസ്റ്റോസ്* എന്നതു തർജിമ ചെയ്തതാണ് "ഉഷ്ണവാൻ" എന്നത്, ആ ഗ്രീക്ക് വാക്കിൽനിന്നാണ് നമുക്ക് സെസ്റ്റ് എന്ന വാക്ക് കിട്ടിയത്. അതിന ർത്ഥം "തിളക്കുന്ന ചൂട്" എന്നാണ്! "ശീതം" എന്നത് *സെസ്റ്റോസിന്* എതി രായതുകൊണ്ട്, മഞ്ഞുകട്ടയാകുന്ന തണുപ്പാണ് (മത്തായി 24:12). എന്നാൽ ലവൊദിക്യയിലെ ക്രിസ്ത്യാനികൾ ആത്മിയമായി അത്ര ശീതവാന്മാരായിരു ന്നില്ല (അതായത് അവർ അവിശ്വാസികളായിരുന്നില്ല, അവർ ദൈവജനത്തെ ഉപദ്രവിക്കുന്നവരുമായിരുന്നില്ല), അവർ ആത്മിയമായി അത്ര-ചൂടുള്ളവരുമാ യിരുന്നില്ല (അവർ കർത്താവിനുവേണ്ടി തിളച്ചു മറിയുന്നവരുമായിരുന്നില്ല). അവർ വെറും "ശീതോഷ്ണവാന്മാരായിരുന്നു" (3:16).

എനിക്ക് അറിയാവുന്ന ഇടവകകളിലെല്ലാം ശീതാഷ്ണവാന്മാരായ അംഗ ങ്ങളുണ്ടായിരുന്നിട്ടുണ്ട് - രഹസ്യപ്രാർത്ഥനയിൽ, ബൈബിൾ പഠനത്തിൽ, സ്വയ - പരിശോധനയിൽ, അശ്രദ്ധയുള്ള അംഗങ്ങൾ; നൽകുന്നതിൽ ഒരു ത്യാഗവും കാണിക്കാത്തവർ; സഭായോഗങ്ങളിൽ സ്ഥിരത പുലർത്താത്തവർ; പ്രാദേശികസഭയുടെ പരിപാടികളിൽ വലിയ താൽപര്യം പ്രകടിപ്പിക്കാത്തവർ; ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കയോ, നഷ്ടപ്പെടുന്നവരെ ഉപദേശിക്കയോ രോഗികളെ പോയി സന്ദർശിക്കയോ ചെയ്യാത്തവർ; "അസൗകര്യങ്ങളിലേക്ക് തങ്ങളെത്തന്നെ ഏൽപിച്ചു കൊടുക്കുകയോ, ക്രിസ്തുവിനു വേണ്ടി എന്തെ ങ്കിലും ആശ്വാസം വിട്ടുകളയുവാനോ തയ്യാറില്ലാത്ത അംഗങ്ങൾ ..."[20]

"നിങ്ങൾ ഒന്നുകിൽ ശീതവാനോ, ഉഷ്ണവാനോ ആയിരുന്നുവെങ്കിൽ കൊള്ളായിരുന്നു" എന്നാണ് യേശു അവരോട് പറഞ്ഞത് (വാ. 15). ഉപദേ ഷ്ടാക്കന്മാർ ഇതിനെ ചുരുക്കി പറയും, "ഒന്നുകിൽ എല്ലാം അകത്തേക്ക് അല്ലെങ്കിൽ എല്ലാം പുറത്തേക്ക്!" "വാതിൽക്കൽ നിൽക്കരുത്, നിങ്ങൾ തടസം സൃഷ്ടിക്കുകയാണ്!"

ആദ്യം, യേശു ആഗ്രഹിച്ച് പറഞ്ഞത്, തെറ്റിദ്ധരിച്ചേക്കാം. എന്തുകൊ ണ്ടാണ് അവർ "ഉഷ്ണ" വാന്മാരാകുവാൻ അവൻ ആഗ്രഹിച്ചതെന്ന് എളുപ്പ ത്തിൽ മനസിലാക്കാം. "ഉഷ്ണം"[21] എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് സാധാരണ "ജ്വലിക്കുന്ന" എന്ന അർത്ഥം വരുന്ന വാക്കിൽനിന്നാണ്. ഉദാഹ രണത്തിന്, ആ വാക്ക് റോമർ 12:11-ൽ ഉപയോഗിച്ചിരിക്കുന്നത്, "ആത്മാവിൽ എരിവുള്ളവരായി" നാം കർത്താവിനെ സേവിക്കുവാൻ വെല്ലുവിളി നൽകു കയാണ്. അവർ എന്തുകൊണ്ട് തീഷ്ണതയും എരിവുമുള്ളവരായി കാണു വാൻ കർത്താവ് ആഗ്രഹിച്ചു എന്ന് മനസിലാക്കുവാൻ വിഷമമില്ല.

നേരെ മറിച്ച്, "ശീതോഷ്ണവാന്മാർ" ആകുന്നതിനുപകരം "ശീതവാന്മാർ" ആകുവാൻ ആഗ്രഹിച്ചതെന്തിന്?[22] "അക്രൈസ്തവനാകുന്നതിനേക്കാൾ നല്ല തല്ലേ - ഭാഗികമായിട്ടാണെങ്കിലും - ക്രിസ്ത്യാനിയായി തീരുന്നത്?"[23] *ആ* പ രിമിതമായ സമർപ്പണം മാറ്റത്തിനുള്ളതാണെങ്കിൽ, *ആത്മിയ വളർച്ച*ക്കുള്ളതാ ണെങ്കിൽ, നമ്മുടെ വിവേചനം ശരിയാണ്. ഒരു മതപരമായ പശ്ചാത്തലവുമി ല്ലാത്ത ഒരാൾ ആരാധനക്കും മറ്റും വരുന്നതിൽ നാം സന്തോഷിക്കും. ഒന്നും കൊടുക്കാതിരുന്ന അവസ്ഥയിൽനിന്ന് കുറച്ചെങ്കിലും നൽകുന്ന അവസ്ഥയി ലേക്ക് അയാൾ മാറുന്നതിൽ നമുക്ക് സന്തോഷമുണ്ടാകും. ക്രിസ്ത്യാനിയായി വളരുവാൻ താൻ തുടങ്ങിയിട്ടേയുള്ളു, വളരെ ദൂരം സഞ്ചരിക്കേണ്ടതുണ്ട് എന്ന് തിരിച്ചറിവുണ്ടാകുന്നേടത്തോളം, *ഏത്* അഭിവൃദ്ധിയും സന്തോഷിപ്പി ക്കുന്നതാണ്.

ലവൊദിക്യ ക്രിസ്ത്യാനികളെ സംബന്ധിച്ച് അതായിരുന്നില്ല സ്ഥിതി. അവരുടെ ജീവിത വഴി, ശീതോഷ്ണാവസ്ഥ അപകടകരമായിരുന്നു. വാസ്തവത്തിൽ അവരുടെ ആത്മീയാവസ്ഥയിൽ അവർ അഹങ്കരിച്ചിരുന്നു (3:17). പരിമിതമായ പങ്കെടുക്കൽ മാറ്റത്തിനുള്ള*തല്ലെ*ങ്കിൽ, അത് ആത്മീയമായി തണുത്തുറഞ്ഞുപോയ മഞ്ഞുകട്ടപോലെയാകും. യേശു എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് ചുരുങ്ങിയത് മുന്നു കാരണങ്ങൾ പറയട്ടെ:

അവരെ ശീതോഷ്ണവാന്മാർ എന്നു വിളിക്കുന്നതിന് പകരം ശൈത്യക്കാർ എന്നു വിളിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു:

(1) കൂടുതൽ ആത്മാർത്ഥത കാണിക്കുന്നതാണ് മഞ്ഞുപോലെ തണുത്തത്, കാരണം അതു ക്രിസ്ത്യാനി എന്ന് അവകാശപ്പെടുന്നില്ല.

(2) സ്വയം-തൃപ്തിയടയുന്ന, ക്രിസ്ത്യാനിയാണ്, ദൈവപൈതലാണ് എന്ന് നടിക്കുന്ന, ശീതോഷ്ണവാനായ ഒരാളേക്കാൾ മാറുവാൻ എളുപ്പം മഞ്ഞുപോലെ തണുത്ത, ക്രിസ്ത്യാനിയാണെന്ന് നടിക്കാത്ത ഒരു വ്യക്തിയാണ് (എബ്രായർ 6:4-6; 2 പത്രൊസ് 2:20 നോക്കുക).

(3) ശീതോഷ്ണവാൻ ശൈത്യവാനേക്കാൾ ദോഷമാണ് സഭയ്ക്ക് ചെയ്യുന്നത്. അന്യദേവന്മാരെ നമസ്ക്കരിക്കുന്ന അഭക്തരായ ആളുകളെ ചൂണ്ടി, "*അതുകൊണ്ടാണ്* ഞാൻ ക്രിസ്ത്യാനിയാകാത്തത്" എന്ന് ആരും പറയുന്നത് ഞാൻ കേട്ടിട്ടില്ല. എന്നാൽ അരമനസുള്ള ക്രിസ്ത്യാനി എന്നു നടിക്കുന്നവരെ ചൂണ്ടി ആളുകൾ പറയും, "ഞാനും അവരെപോലെ നല്ലവനാണ്! പിന്നെ എന്തിന് ക്രിസ്ത്യാനിയാകണം?"

സർദ്ദിസിനുള്ള എഴുത്തുപോലെ, ലവൊദിക്യക്കുള്ള എഴുത്തും പ്രാധാന്യമുള്ളതാണ് - പട്ടണത്തിൽ അസംഖ്യം യെഹൂദന്മാർ ഉണ്ടായിരുന്നിട്ടും ഉപദ്രവം ഉണ്ടായിരുന്നില്ല.[24] എന്തുകൊണ്ടാണ് ലവൊദിക്യയിലെ ക്രിസ്ത്യാനികളെ സാത്താൻ അങ്ങനെ വിട്ടുകളഞ്ഞത്? അവർ അങ്ങനെ ആയിരിക്കുന്നതാണ് അവനിഷ്ടം! അവർ തങ്ങളുടെ ആത്മീയ അമാനുഷ്യത്വം പിടിച്ചിരിക്കുന്നേടത്തോളം, റോമിൽ തടവിലായിരിക്കുന്നവരേക്കാൾ അവന്റെ കാര്യം നടത്തുവാൻ ഇത്തരം സ്വതന്ത്രരായ ആളുകളാണ് അവന് ആവശ്യം!

**അനന്തരഫലം (3:16)**

തങ്ങളുടെ ആത്മീയാവസ്ഥയിൽ, ലവൊദിക്യക്കാർ തൃപ്തരായിരുന്നേക്കാം, പക്ഷെ കർത്താവിന് തൃപ്തിയില്ലായിരുന്നു. അവൻ അവരോട് പറഞ്ഞു,"ഇങ്ങനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ, നിന്നെ എന്റെ വായിൽനിന്നു ഉമിണ്ണുകളയും" (വാ. 16). "ഉമിണ്ണുകളയുക" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *എമെയോ* എന്ന ഗ്രീക്ക് വാക്കിൽനിന്നാണ്, അതിൽനിന്നാണ് നമുക്ക് ഛർദ്ദിലിന് കാരണമാകുന്ന ഏജന്റിനെ പറയുന്ന "എമെറ്റിക്" എന്ന വാക്ക് കിട്ടിയിരിക്കുന്നത്. "നിങ്ങൾ എന്നെ ഛർദ്ദിക്കുവാൻ പ്രേരിപ്പിക്കുകയാണ്," എന്ന് യേശു വ്യക്തമായി പറഞ്ഞു.[26] ശീതോഷ്ണവെള്ളം വയറ്റിൽ ചെന്നാൽ ഛർദ്ദിക്കുമെന്നതുപോലെയാണ് അവരുടെ ആത്മിയാവസ്ഥ യേശുവിലുളവാക്കിയത്. വർഷങ്ങളായി ശീതോഷ്ണജലം ഛർദ്ദിപ്പിക്കുന്നതിന് ഉപയോഗിച്ചു വരുന്നുണ്ട് - ദഹനേന്ദ്രിയത്തിനകത്ത് ചെന്നാൽ, കുഴപ്പമുള്ള എന്തെങ്കിലും ആളുകൾ വിഴുങ്ങിയാൽ അതു പുറത്തു വരുന്നതിനാണ് അങ്ങനെ ചെയ്യുന്നത്. ലവൊദിക്യക്ക് ചുറ്റും ഒഴുകുന്ന ഉഷ്ണജല-അരുവിയിലിറങ്ങി കുളിക്കുമ്പോൾ, ചുരുങ്ങിയത് നൂറ്റിമുപ്പതിലധികം പേ

രെങ്കിലും ആ വെള്ളം ഉള്ളിൽ ചെന്ന് ഛർദ്ദിച്ചിരിക്കാം.

അതുകൊണ്ട്, "എന്റെ വായിൽനിന്ന് നിങ്ങളെ ഉമിണ്ണുകളയും" എന്ന് യേശു പറഞ്ഞപ്പോൾ, അവൻ പറഞ്ഞത്, "നിങ്ങൾ നിങ്ങളുടെ അകൃത്യത്തിൽനിന്ന് മാനസാന്തരപ്പെട്ടില്ലെങ്കിൽ, നിങ്ങൾക്ക് എന്നോട് അടുത്ത ബന്ധം പുലർത്തുവാൻ സാധ്യമല്ല."[27] അവരുടെ നിത്യമായ അന്തിമസ്ഥാനം അപകടത്തിലാകുമെന്നർത്ഥം!

## ഒരു അന്തരം (3:17)

വായനക്കാരൻ എഴുത്തിന്റെ ഈ ഭാഗത്ത് എത്തുമ്പോൾ, തങ്ങൾക്ക് ലഭിച്ച എഴുത്ത് മറ്റുള്ള എഴുത്തുകളിലുള്ളതുമായി ഇടകലർന്നിരിക്കുന്നതായി ഒരുപക്ഷെ ലവൊദിക്യക്കാർ ചിന്തിച്ചിരുന്നതായി കാണാം. "ആ പറയുന്നത് വീണ്ടും ഒന്ന് നോക്കുക, ആ പേരുകൾ എങ്ങനെയോ, മാറിപ്പോയിട്ടില്ല എന്നതു തീർച്ചയാണോ?" എന്നവർ ചോദിക്കുന്നത് എനിക്ക് ഊഹിക്കാം. ഒരു വസ്തുത തീർച്ചയാണ്: കർത്താവ് അവരെ കണ്ടതുപോലെ അവർക്ക് അവരെ കാണുവാൻ കഴിഞ്ഞിരുന്നില്ല. യേശു അവരോട് പറഞ്ഞു, "*ഞാൻ ധനവാൻ,* സമ്പന്നനായിരിക്കുന്നു, എനിക്ക് ഒന്നിനും മുട്ടില്ല എന്നു നീ പറയുന്നു" (വാ. 17; എംഫസിസ് മൈൻ).[28] അവരുടെ താൽപര്യമില്ലായ്മയെ ഓർത്ത് ലജ്ജിക്കുന്നതിനുപകരം അവർ അതിനാൽ അഹങ്കരിക്കുകയായിരുന്നു. ആത്മിയമായ അകൽച്ച ഒരു ഗുണമായിട്ടാണ്[29] ചില ആളുകൾ കരുതുന്നത്, ക്രിസ്ത്യാനികളുടെ എരിവും തീഷ്ണതയും കണ്ട് അവർ ലജ്ജിക്കുകയാണ്.

മൂലഗ്രന്ഥത്തിലെ ആവർത്തനം മിക്ക തർജ്ജിമകളിലും കാണുന്നില്ല. മൂലവേദഗ്രന്ഥം അക്ഷരാർത്ഥത്തിൽ വായിക്കുന്നത്, "ഞാൻ ധനികൻ, സമ്പന്നനായി തീർന്നിരിക്കുന്നു, എനിക്ക് ഒന്നിനും മുട്ടില്ല" എന്നാണ്. ആവർത്തനം ഊന്നലിനാണ്. അവർ പറയുന്നത്, "ഞങ്ങൾ ധനികരാണ്, *ധനികരാണ്*, **ധനികരാണ്**!" അവരുടെ മനസിൽ ഭൗതികവും ആത്മികവുമായ സമ്പന്നതയായിരിക്കാം ഉണ്ടായിരുന്നത്; സ്വർഗീയ അംഗീകാരത്തിന്റെ ലക്ഷണമാണ് ഭൗതികമായ സമൃദ്ധി എന്ന ധാരണ പലരിലുമുണ്ട് (മത്തായി 19:24, 25 നോക്കുക). ഒരു ഇടവകക്ക്, ആകർഷണീയമായ കെട്ടിടവും പ്രചാരമുള്ള ഒരു ഉപദേഷ്ടാവും, പ്രസക്തമായ പ്രോഗ്രാമുകളും ഉണ്ടായിരുന്നാലും, ആ ഇടവക ആത്മിയമായി വാതിലിൽ അടിക്കുന്ന ഒരു ആണിപോലെ ആയിരിക്കുവാൻ സാധ്യതയുണ്ട്![30]

ലവൊദിക്യകാർ വിചാരിച്ചിരുന്നത് തങ്ങൾ ധനികരാണെന്നാണ്, പക്ഷെ അവർ സ്വയം-വഞ്ചിക്കപ്പെട്ടിരുന്നു. യേശു പറഞ്ഞു, "നീ നിർഭാഗ്യനും, അരിഷ്ടനും, കുരുടനും ആകുന്നു" (വാ. 17). മനുഷ്യൻ കാണുന്നതുപോലെ അല്ല ദൈവം കാണുന്നത് എന്ന് ഒരിക്കൽകൂടെ നമ്മെ ഓർപ്പിക്കുന്നു (1 ശമുവേൽ 16:7).

അവരുടെ ആത്മിയമായ അവസ്ഥയെ ചുരുക്കിപ്പറയുവാൻ യേശു സാധാരണ വാക്കുകളാണ് ഉപയോഗിച്ചത്. "നിർഭാഗ്യവാൻ"[31] എന്ന വാക്കാണ് ആദ്യം ഉപയോഗിച്ചത്. കരിങ്കൽ പാറയിൽ ജോലി ചെയ്തു, "ക്ഷീണിക്കുന്നവരെ പോലെ, ക്ഷീണിതനാകുക അല്ലെങ്കിൽ ഖനികളിൽ കുടുങ്ങി ഇല്ലാതാകുക"[32] എന്നാണ് "നിർഭാഗ്യവാൻ" എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നതിനർത്ഥം. കർത്താവ് അവരെ ലക്ഷപ്രഭൂക്കന്മാരായി കണ്ടില്ല; നിരാശരായ അടിമകളായിട്ടായിരുന്നു യേശു അവരെ കണ്ടത്! "അരിഷ്ടൻ" എന്ന വാക്കും

യേശു ഉപയോഗിച്ചിട്ടുണ്ട്. കരുണ ആവശ്യമുള്ളവരെയാണ് ആ വാക്ക് എടുത്തു കാണിക്കുന്നത്. കർത്താവിന്റെ ദൃഷ്ടിയിൽ അവർ പ്രശംസിക്കപ്പെടേണ്ടതിനുപകരം, ദയ ആവശ്യമുള്ള വസ്തുക്കളായിരുന്നു. യേശുവിന്റെ പരിശോധനാവിലയിരുത്തലിനെ അവർ എത്രത്തോളം വെറുത്തിരിക്കണം! അഹങ്കാരമുള്ള ഒരാൾ ദയവിനെ വെറുക്കുന്നതിനേക്കാളധികം മറ്റൊന്നിനേയും അത്ര വെറുക്കുകയില്ല.

പിന്നീട് യേശു പ്രത്യേക വാക്കുകളാൽ അവരുടെ ആത്മിയ പ്രശ്നങ്ങളെ വിവരിക്കുകയുണ്ടായി:

| പട്ടണവും (സഭയും) | അവസ്ഥ (വാ. 17) |
|---|---|
| ധനവാൻ (പണമിടപാട്) | ദരിദ്രൻ |
| മെഡിക്കൽ സെന്റർ (കണ്ണുവിദഗ്ധർ) | കുരുടൻ |
| വസ്ത്രവ്യവസായം (കറുത്ത കമ്പിളി) | നഗ്നൻ |

അവർ, തങ്ങൾ "ധനവാന്മാർ" ആണെന്ന് വിചാരിച്ചിരുന്നു, പക്ഷെ അവർ "ദരിദ്രന്മാർ" ആയിരുന്നു. "ദരിദ്രൻ" എന്ന വാക്ക് "കുറച്ചുള്ളതിനെ" അല്ല സൂചിപ്പിക്കുന്നത്, മറിച്ച് "*ഒന്നുമില്ലായ്മ*" യെ ആണ് അർത്ഥമാക്കുന്നത്. ധനമുള്ള പട്ടണത്തിലാണ് അവർ വസിച്ചിരുന്നെങ്കിലും, അവർ ആത്മിയ ദാരിദ്ര്യത്തിലായിരുന്നു. സ്മുർന്നയിലെ സഭ, "ധനികമായിരുന്ന ദരിദ്രസഭയായിരുന്നു", എന്നാൽ ലവൊദിക്യാസഭ "ദരിദ്രമായിത്തീർന്ന ധനികസഭ" ആയിരുന്നു.

ലോകത്തിൽ അവർക്ക് ഏറ്റവും നല്ല കണ്ണുചികിൽസ ലഭ്യമായിരുന്നു എങ്കിലും, അവർ "കുരുടരായിരുന്നു."[33] അവരുടെ ആത്മിയമായ അവസ്ഥയും, ക്രിസ്ത്യാനിത്വത്തിന്റെ വാസ്തവത്തിലുള്ള സ്വഭാവവും അവർക്ക് കാണുവാൻ കഴിഞ്ഞില്ല. ആവേശമുണ്ടാകുവാൻ പര്യാപ്തമായ ഒന്നായി അവർ ക്രിസ്ത്യാനിത്വത്തെ കാണേണ്ടിയിരുന്നു!

ഹാൻസ് ക്രിസ്ത്യൻ ആന്റേഴ്സന്റെ കഥയിലെ[34] ചക്രവർത്തിയെപോലെ ലവൊദിക്യക്കാർ വിചാരിച്ചത്, തങ്ങൾ ശരിക്കും വസ്ത്രധാരികൾ എന്നായിരുന്നു, പക്ഷെ വാസ്തവത്തിൽ അവർ "നഗ്നരായിരുന്നു." ലജ്ജയുടെ പര്യായമായിട്ടാണ് ബൈബിളിലുടനീളം "നഗ്നത" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്.[35] കിഴക്കൻ രാജ്യങ്ങളിൽ, ഒരാളുടെ വസ്ത്രം ഉരിയുന്നത് അയാളെ അപമാനിക്കുന്നതിന്[36] തുല്യമാണ്, പക്ഷെ ഒരാളുടെ പുറമെ വസ്ത്രം അണിയിക്കുന്നത് ആദരിക്കുന്നതിനു[37] തുല്യമാണ്. ഭൗതികമായി ലവൊദിക്യക്കാർ ധനം അവകാശമാക്കിയിരുന്നു. കറുത്ത-കമ്പിളികൊണ്ട് തുന്നിയതായ വസ്ത്രങ്ങളുണ്ടായിരുന്നു, എന്നാൽ ആത്മിയമായി അവർക്ക് നീതിയുടെ വെള്ളയുടുപ്പ് ഇല്ലായിരുന്നു, അത് നൽകുവാൻ കർത്താവിന് മാത്രമെ കഴിയു (3:18 നോക്കുക).

## ഉപസംഹാരം

ഈ പാഠത്തിൽ, നാം ലവൊദിക്യക്കാരുടെ പ്രശ്നങ്ങൾ എടുത്തുകാണിക്കുവാനാണ് ആഗ്രഹിച്ചത്. അടുത്തതിൽ, അതിന് യേശു നൽകുന്ന പരിഹാരം കാണും.

ഈ അവതരണം നാം അവസാനിപ്പിക്കുമ്പോൾ, രണ്ട് വസ്തുതകൾ നാം ഊന്നി പറയേണ്ടതുണ്ട്: (1) ലവൊദിക്യയിലേത് ഇടവകാപരമായ പ്രശ്നമായിരുന്നില്ല, പിന്നെയോ വ്യക്തിപരമായിരുന്നു. വ്യക്തികൾ ശീതോഷ്ണവാന്മാരായിരുന്നതുകൊണ്ടാണ് ലവൊദിക്യസഭ ശീതോഷ്ണവാന്മാരായിരുന്നത്. ശീതോഷ്ണാവസ്ഥ ഒരു ഇടവകയിൽനിന്നു ദൂരീകരിക്കണമെങ്കിൽ, വ്യക്തിപരമായി ഓരോരുത്തരും അത് കണ്ടെത്തുകയും അതിന് വ്യക്തിപരമായി പ്രവർത്തിക്കയും വേണം.

(2) ലവൊദിക്യയിലെ പ്രശ്നം പ്രാദേശികമായിരുന്നില്ല, സർവ്വലൗകികമായിരുന്നു. കർത്താവ് ആ എഴുത്ത് കാത്തുസൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം, ശീതോഷ്ണാവസ്ഥ അന്നു മാത്രം സംഭവിക്കുന്നതായിരുന്നില്ല, അത് വർഷങ്ങളോളം സഭയെ ബാധിക്കുമെന്ന് അവന് അറിയാമായിരുന്നു. മതപരമായി എത്രയോ പേർ തെറ്റിപ്പോയിട്ടുണ്ട്!

ഈ വരികൾ വായിക്കുന്ന ഏതൊരാളും വ്യക്തിപരമായ പ്രായോഗികത വരുത്തുവാനാണ് ഞാൻ പ്രാർത്ഥിക്കുന്നത്. നിങ്ങളുടെ യജമാനനോടുള്ള സേവനത്തിൽ നിങ്ങൾ ശീതോഷ്ണവാന്മാരായിട്ടുണ്ടോ? നിങ്ങളിൽ താൽപര്യം നഷ്ടപ്പെട്ടിട്ടുണ്ടോ? ആത്മിയമായി ആശ്വാസത്തിൽ കഴിയുവാൻ നിങ്ങൾ ആഗ്രഹിച്ചിട്ടുണ്ടോ? അങ്ങനെയെങ്കിൽ, കർത്താവിനോടുള്ള നിങ്ങളുടെ സമർപ്പണം ഇന്നു തന്നെ പുനസ്ഥാപിക്കുക! അവനോടുള്ള സ്നേഹം കത്തിജ്ജ്വലിക്കണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്![38]

---

കുറിപ്പുകൾ

[1]ഞങ്ങളുടെ തുർക്കിക്കാരനായ ഗൈഡ് ''ലവൊദിക്യയെ'' പറഞ്ഞത്, "ലാ-ദേ-കെ-യ" എന്നാണ്. [2]"ആസ്യയിലെ ഏഴു സഭകളും പത്മൊസ് ദ്വീപും" എന്ന ഭൂപടം നോക്കുക. [3]അമേരിക്കയുടെ സാമ്പത്തിക കേന്ദ്രമായിട്ടാണ് വാൽ സ്ട്രീറ്റ് അറിയപ്പെടുന്നത്. [4]അത് അവരെ സംബന്ധിച്ച് മഹത്തായ ഒന്നായിരുന്നു - പക്ഷെ സാമ്പത്തിക പ്രശംസ മതപരമായി ശരിയായിരിക്കണമെന്നില്ല. *രക്ഷയെ* സംബന്ധിച്ച്, അത് ലവൊദിക്യയിലെ ക്രിസ്ത്യാനികൾക്ക് തങ്ങളാൽ നേടിയെടുക്കുവാൻ സാധ്യ*മല്ലാ*യിരുന്നെന്ന് അവർ തിരിച്ചറിയണമായിരുന്നു. [5]ധാതുലവണത്തോടുകൂടിയ ഉഷ്ണജല അരുവികളുണ്ടെങ്കിൽ (അർക്കൻസാസിലെ ഉഷ്ണജല അരുവിപോലെ) അതിനെ ആരോഗ്യകരമായ മേഖലയായി അറിയപ്പെടും, അവിടം സന്ദർശകർക്ക് താല്പര്യവുമുണ്ടാകും. [6]അമേരിക്കയിൽ "കറുത്ത ചെമ്മരിയാട്" എന്നതിന് നിഷേധമായ അർത്ഥമാണുള്ളത് ("അവൻ ആ കുടുംബത്തിന്റെ കറുത്ത ചെമ്മരിയാടാണ്" എന്നതുപോലെ), പക്ഷെ ലവൊദിക്യയിൽ അങ്ങനെയായിരുന്നില്ല. ലവൊദിക്യയിലാണെങ്കിൽ കറുത്ത ചെമ്മരിയാട് എന്നാൽ പണമായിരുന്നു! [7]പൗലൊസിന്റെ ഒരു സഹപ്രവർത്തകനായിരുന്നു എപ്പഫ്രാസ് എന്ന പേരിട്ടത്. തീർച്ചയായും കൊലൊസ്യയിൽ സഭ ആരംഭിച്ചത് അവൻ തന്നെയായിരുന്നു (കൊലൊസ്യർ 1:7; 4:12), അവൻ തന്നെയായാരിക്കാം അടുത്തുള്ള ലവൊദിക്യയിലും സഭ ആരംഭിച്ചത്. [8]പുതിയനിയമപുസ്തകങ്ങൾ സഭകളിൽ എങ്ങനെ എത്തിച്ചു എന്നതിനുള്ള ഉൾക്കാഴ്ച്ച നൽകുന്നതാണ്

ആ വേദഭാഗം. [9]ലവൊദിക്യക്കാർക്കുള്ള എഴുത്ത് പൗലൊസായിരിക്കാം എഴുതിയത് എന്നതിനുള്ള രണ്ടു സാധ്യതകൾ ഇതാ: (1) "എഫെസ്യർക്കുള്ള" എഴുത്ത് എന്നു നാം വിളിക്കുന്ന എഴുത്ത് ഇന്നുവരെയും സൂക്ഷിച്ചിരിക്കുന്നത് നമുക്ക് വേണ്ടിയും കൂടെയാണ്. ആദ്യം അത് വ്യക്തിപരമായ സഭയെ പ്രതിനിധാനം ചെയ്യുന്നുവെങ്കിലും, ചില പുരാതനകയ്യെഴുത്തുപ്രതികളിൽ എഫെസ്യർ 1:1-ൽ "എഫെസോസിൽ" എന്ന് ഇല്ലാത്തതുകൊണ്ടും, പൗലൊസ് സാധാരണ തന്റെ ലേഖനങ്ങളിൽ ഉപയോഗിക്കുന്ന വ്യക്തികളെ വന്ദനം ചെയ്യുന്നത് ഇല്ലാത്തതുകൊണ്ടും ചിലർ വിശ്വസിക്കുന്നത് അത് പൊതുവായ എഴുത്തായിരുന്നു എന്നാണ്. (2) ലവൊദിക്യക്കാർക്കുള്ള ലേഖനം നമുക്ക് വേണ്ടി സൂക്ഷിച്ചിട്ടില്ലാത്തതിന്റെ കാരണം അത് മറ്റു പുതിയനിയമ പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് നമുക്ക് ആവശ്യമില്ലാത്തതാണ്. യേശു പറഞ്ഞ എല്ലാ വാക്കുകളും നമുക്ക് ഇല്ലാത്തതുപോലെ (യോഹന്നാൻ 20:30, 31) ദൈവശ്വാസിയ പുരുഷന്മാർ എഴുതിയ എല്ലാ വാക്കുകളും നമുക്ക് ഇല്ല - പക്ഷെ നമുക്ക് വേണമെന്ന് ദൈവം ആഗ്രഹിക്കുന്ന എല്ലാ വാക്കുകളും നമുക്ക് സകല സൽപ്രവൃത്തിയിലും തികഞ്ഞവരാകുവാൻ ഉള്ള തിരുവെഴുത്തുകൾ ഉണ്ട് (2 തിമൊഥെയൊസ് 3:17). [10] 3:14 ലെ പദപ്രയോഗമായ "വിശ്വസ്തനും സത്യവാനുമായ സാക്ഷി" എന്നതും 1:5 ലെ ("വിശ്വസ്ത സാക്ഷി.") എന്നതും *ഒന്നു* തന്നെയാണ്.

[11]ദൈവത്തിനുവേണ്ടി ഒരു *തലവാചകമായി* പഴയനിയമത്തിൽ "ആമേൻ" എന്നു പയോഗിച്ചിട്ടുണ്ട് (യെശയ്യാവ് 65:16-ൽ "ആമേൻ" എന്നതു തർജിമ ചെയ്തിരിക്കുന്നത് "സത്യം" എന്നാണ്), എന്നാൽ അത് ഒരു സർവ്വനാമമായി ഉപയോഗിച്ചിട്ടില്ല. [12]ഗ്രീക്കിൽ *ആമേൻ* എന്ന വാക്ക് "ആകുക" എന്ന ക്രിയയുടെ വീഴ്ച്ചയുടെ ഭാഗമാണ്. അതുകൊണ്ട് "ആമേൻ" ചിലപ്പോൾ "അങ്ങനെ ആകട്ടെ" എന്ന അർത്ഥം വരുന്നു. [13]കെജെവിയിൽ "വെരിലി" എന്നാണ്. [14]യേശുവിനെ 1:5-ൽ "വിശ്വസ്ത സാക്ഷി" എന്ന് വിളിച്ചിട്ടുണ്ട്. അവിടെ, യേശു മരണത്തോളം വിശ്വസ്തനായിരുന്നു എന്നതിനാണ് ഊന്നൽ (അതായത്, രക്തസാക്ഷി ആകുക), ഇവിടെ വിശ്വാസയോഗ്യതക്കാണ് ഊന്നൽ. [15]യേശു സൃഷ്ടിക്കപ്പെട്ടവനാണ് എന്നു തെളിയിക്കുവാൻ യഹോവാസാക്ഷികൾ ഈ വാക്യം ഉപയോഗിക്കാറുണ്ട്. കുറിപ്പ് 18 നോക്കുക. [16]ചിലർ വിചാരിക്കുന്നത്, യേശു ഇവിടെ തന്നെ പരിചയപ്പെടുത്തുന്നത് *ആത്മിയ* സൃഷ്ടിയുടെ ആരംഭകനാണ് എന്നത്രെ - അതായത് സഭ. സന്ദർഭം ഭൗതികസൃഷ്ടിത്വത്തെയാണ് അനുകൂലിക്കുന്നത്, ആത്മിയസൃഷ്ടിത്വവും അന്തർലീനമായിരിക്കാം. [17]എൻഎഎസ്ബിയിലും കെജെവിയിലും "ബിഗിനിങ്ങ്" എന്നത് തർജിമ ചെയ്തിരിക്കുന്നത് *ആർച്ചേ* എന്ന വാക്കാണ്, അതിനെ "റൂളർ" എന്നും "ചീഫ്" എന്നും തർജിമ ചെയ്യാവുന്നതാണ്. അതുകൊണ്ട്, എൻഐവിയിൽ "റൂളർ ഓഫ് ഗോഡ്സ് ക്രിയേഷൻ." [18]"*സകലവും* അവനാൽ സൃഷ്ടിക്കപ്പെട്ടുവെങ്കിൽ," അവൻ "സകലത്തിനും *മുമ്പെ* ഉണ്ടായിരുന്നവൻ ആണെങ്കിൽ" അവൻ ഒരിക്കലും സൃഷ്ടിക്കപ്പെട്ടവൻ ആകുകയില്ല. 1 യോഹന്നാൻ 1:1-3; എബ്രായർ 1:8, 10 നോക്കുക. [19]ലവൊദിക്യക്കാർ സംസാരിക്കുന്ന മനോഭാവത്തോടെയാണ് പാശ്ചാത്യലോകത്തിലെ പലരും സംസാരിക്കുന്നത് എന്നതുകൊണ്ടാണ് ഞാൻ ഈ ഖൺഡിക ഉപയോഗിച്ചത്. ഈ ഖണ്ഡിക നിങ്ങളുടെ പ്രദേശത്തിന് യോജിച്ചതല്ലെങ്കിൽ, ലവൊദിക്യരുടെ "പ്രവൃത്തികൾ" അവരുടെ "മനസാക്ഷിയിൽ - മിതത്വം പാലിച്ചുകൊണ്ട്, ആഴത്തിൽ സമർപ്പിക്കപ്പെട്ട താൽപര്യത്തിലായിരുന്നില്ല" എന്നു പറയുക. [20]ബോയ്ഡ് കാർപെന്റർ ക്വോട്ടഡ് ബൈ ജെയിംസ് എം ടോൾ, *ദ സെവെൻ ചർച്ചസ് ഓഫ് ഏഷ്യ* (പസാദേന, ടെക്സ്.: ഹാൺ പബ്ലിഷിങ്ങ് കമ്പനി., 1968), 73.

[21]ഇവിടെ "ഹോട്ട്" എന്നതു തർജിമ ചെയ്തിരിക്കുന്നത് *സിയോ* എന്ന വാക്കാ

ണ്. ഗ്രീക്കിന്റെ മൂലവാക്ക് *സെസ്റ്റോസ്* എന്നാണ്. [22]ശീതോഷ്ണവാന്മാരാകാതെ ലവൊദിക്യക്കാർ ശീതവാന്മാരോ അല്ലെങ്കിൽ ഉഷ്ണവാന്മാരോ ആകേണ്ടിയിരുന്നു എന്ന് യേശു പറഞ്ഞതിൽ ചിലർക്ക് വിഷമം നേരിട്ടിട്ടുണ്ട്. കാരണം "ശീതവാൻ" എന്നതും "ഉഷ്ണവാൻ" എന്നതും നല്ല അർത്ഥത്തിലും "ശീതോഷ്ണവാൻ" എന്നതു മോശമായ അർത്ഥത്തിലും ആണ് ഉപയോഗിച്ചിരിക്കുന്നത്. ഉദാഹരണത്തിന് നമ്മിൽ മിക്കപേരും കുടിക്കുവാൻ ആഗ്രഹിക്കുന്നത് ഒന്നുകിൽ തണുത്തത് അല്ലെങ്കിൽ ചൂടുള്ളതാണ്, ചൂടും തണുപ്പും കലർന്നതു നമ്മുടെ വയറ്റിന് ചേരുകയില്ല. ആ ചിന്ത എടുത്തിരിക്കുന്നവർ വെളിപ്പാട് 3:15, 16-ൽ "തണുത്ത" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് ശ്രദ്ധിക്കണം. അത് മത്തായി 10:42-ൽ ഉപയോഗിച്ചിരിക്കുന്നത് "ഏ കപ്പ് ഓഫ് കോൾഡ് വാട്ടർ" എന്നാണ്. വെളിപ്പാട് 3:15, 16-ൽ ഉപയോഗിച്ചിരിക്കുന്ന "കോൾഡ്" എന്ന വാക്ക് ആഗ്രഹിക്കാത്ത ആത്മിയമായ അവസ്ഥയാണെന്ന് മിക്ക എഴുത്തുകാരും സമ്മതിക്കും. [23]ആത്മിയ "ശീതാവസ്ഥ" വിശ്വാസത്യാഗമാകുവാൻ സാധ്യതയുണ്ട്. [24]ലവൊദിക്യ സ്ഥാപിച്ചപ്പോൾ, സാമ്പത്തികമായ ഭദ്രത കെട്ടിപ്പെടുക്കുവാൻ യെഹൂദന്മാരെ ഇറക്കുമതി ചെയ്തിരുന്നു. വർഷങ്ങളോളം മറ്റു യെഹൂദന്മാരും വ്യവസായത്തിനും ലാഭമുണ്ടാക്കുവാനും ഈ പട്ടണത്തിലേക്ക് വന്നു കൊണ്ടിരുന്നു. [25]അക്ഷരികമായി പുസ്തകം പറയുന്നത് "അയാം എബൗട് ടു ..." [26]യൂജിൻ എച്ച്. പീറ്റേഴ്സൺ. *ദ മെസേജ്: ന്യൂടെസ്റ്റമെൻ വിത്ത് സാംസ് ആന്റ് പ്രോവെർബ്സ്* (കൊളോറാഡോ സ്പ്രിങ്ങ്സ്, കൊളോ.: നവപ്രസ് പബ്ലിഷിങ്ങ് ഗ്രൂപ്പ്, 1995), 614 –15. [27]വാക്യം 20 ശ്രദ്ധിക്കുക: അവർ തങ്ങളുടെ ജീവിതത്തിൽനിന്ന് യേശുവിനെ അകറ്റി. [28]ഈ വാക്യം ലൂക്കൊസ് 12:19 മായി താരതമ്യം ചെയ്യുക. [29]എന്റെ പ്രദേശത്ത്, "മതത്തെ സംബന്ധിച്ച് ഒരു ഗുണത്തെ തണുത്തതായി അവർ കാണുന്നു" എന്നു പറയും. [30]"ഡെഡ് ആസ് ഡോർനെയിൽ" എന്നതു സ്വ - വിശദീകരണമാണ്. അതിനു തുല്യമായ വിശദീകരണം നിങ്ങളുടെ പ്രദേശത്തുള്ളത് ഉപയോഗിക്കാവുന്നതാണ്.

[31]മൂലഗ്രന്ഥത്തിൽ "*ദ* റെച്ചഡ് [വൺസ് ]" എന്നാണ് - ദ *മോസ്റ്റ്* റെച്ചഡ് വൺസ് എന്നാണ് സൂചിപ്പിക്കുന്നത്. [32]ടോൾ, 75. [33]പത്രൊസ് 1:9 നോക്കുക. [34]ഹാൻസ് ക്രിസ്ത്യൻ ആന്റേഴ്സൺ "ദ എംപറേഴ്സ് ന്യൂ ക്ലോത്സ്" എന്ന ഒരു കഥ എഴുതിയതിൽ, ഒരു ചെറിയ കുട്ടി ചക്രവർത്തിയെ ബോധ്യപ്പെടുത്തുന്നതുവരെ അയാൾ വിശ്വസിച്ചിരുന്നത് താൻ ഒരു ഇന്ദ്രജാല വസ്ത്രധാരിയാണെന്നായിരുന്നു. [35]ഇത് പരസ്യമായ നഗ്നതയെയാണ് അല്ലാതെ, ദൈവം അംഗീകരിച്ച വിവാഹ-ബന്ധത്താൽ ഭാര്യയും ഭർത്താവും നഗ്നരാകുന്നതല്ല (ഉൽപത്തി 2:25; 1 കൊരിന്ത്യർ 7:4). [36]2 ശമുവേൽ 10:4; യെശയ്യാവ് 20:4; യെഹെസ്ക്കേൽ 16:37-39; നഹും 3:5 നോക്കുക. [37]ഉൽപത്തി 41:42; എസ്ഥേർ 6:6-11; ദാനിയേൽ 5:29 നോക്കുക. [38]ഈ പാഠം ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, പ്രാഥമിക പ്രായോഗികത തെറ്റിപ്പോയ ക്രിസ്ത്യാനികൾക്കായിരിക്കും, എന്നാൽ ക്രിസ്ത്യാനിയായി തീരുവാനുള്ള ക്ഷണവും നൽകണം (ഗലാത്യർ 3:26, 27). ആ ക്ഷണത്തിൽ അവർ വെറുതെ കർത്താവിന്റെ "കൽപനകൾ അനുസരിക്കുക" മാത്രമല്ല, അവരുടെ ജീവിതം ദൈവത്തിൽ *സമർപ്പിക്കപ്പെടുവാനും* ഉൽസാഹിപ്പിക്കണം.

**ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ**

1. "ആസ്യയിലെ ഏഴു സഭകളും പത്മൊസ് ദ്വീപും" എന്ന ഭൂപടം ഉപയോഗിച്ച് അദ്ധ്യായം 1 മുതൽ 3 വരെ പറഞ്ഞിരിക്കുന്ന സഭകൾ ക്രമമായി എഴുതുക?
2. ലവൊദിക്യപട്ടണത്തിന്റെ ഏതെല്ലാം മൂന്നു സ്വഭാവങ്ങളാണ് അവിടത്തെ സഭയിലുണ്ടായിരുന്നത്?
3. "ആമേൻ" എന്ന വാക്കിന്റെ അർത്ഥമെന്ത്? യേശുവിനെ കുറിച്ച് പറയുമ്പോൾ അതിന്റെ അർത്ഥമെന്ത്?
4. "ദൈവസൃഷ്ടിയുടെ ആരംഭം"എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത്?
5. ആത്മിയമായി "ശീതവാനാകുക" അല്ലെങ്കിൽ "ഉഷ്ണവാനാകുക" എന്നാലെന്താണർത്ഥം?
6. "ശീതോഷ്ണവാൻ" ആകുക എന്നാലെന്താണ് അർത്ഥം? ആത്മിയ ശീതോഷ്ണാവസ്ഥയുടെ ചില ഉദാഹരണങ്ങൾ നൽകുക.
7. ലവൊദിക്യക്കാർ ശീതോഷ്ണവാന്മാരാകാതെ ശീതവാന്മാരായിരുന്നാൽ കൊള്ളായിരുന്നു എന്ന് യേശു പറയുവാൻ കാരണമെന്ത്?
8. ലവൊദിക്യരെ "ഉമിണ്ണുകളയും" അല്ലെങ്കിൽ "തുപ്പിക്കളയും" എന്നു യേശു പറഞ്ഞതിന്റെ അർത്ഥമെന്ത്?
9. ലവൊദിക്യക്കാർ തങ്ങളെ എങ്ങനെയാണ് കണ്ടിരുന്നത്? ഒരാളുടെ ആത്മിയാവസ്ഥ സ്വയം വഞ്ചിക്കപ്പെടുവാൻ സാധ്യതയുണ്ടോ?
10. വാസ്തവത്തിൽ അവരുടെ ആത്മിയാവസ്ഥ എന്തായിരുന്നു?
11. ഏതർത്ഥത്തിലാണ് അവർ "ദരിദ്രനും," "കുരുടനും," "നഗ്നനും" ആയിരുന്നത്?